പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1719 07.03.2018-ൽ മറുപടിക്ക്

**ക്യാൻസർ രോഗികളുടെ എണ്ണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഡി.കെ. മുരളി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ; | എ) | കാൻസർ രോഗ ചികിൽസയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ ആധുനിക ചികിൽസയുടെ ലഭ്യതയും മറ്റ് താലൂക്ക് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള റഫറൽ കൂടുന്നതും ബോധവൽക്കരണ ക്ലാസുകൾ വഴി ധാരാളം രോഗികൾ എത്തുന്നതും വർദ്ധനവിന് കാരണമാണ്. കൂടാതെ കേരളത്തിലെ ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റവും തെറ്റായ ഭക്ഷണ രീതിയും വ്യായാമമില്ലായ്മയും ലഹരിയോടുള്ള ആഭിമിഖ്യവും കാൻസർ രോഗത്തിന് കാരണമായിട്ടുണ്ട്. |
| ബി) | പ്രസ്തുത കാരണം കണ്ടെത്തുന്നതിന് ഗവേഷണങ്ങൾ നടക്കുന്നുണ്ടോ ;എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ? | ബി) | പ്രസ്തുത കാരണം കണ്ടെത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ ആശുപത്രിയെ അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്റ്ററിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കാൻസർ വിഭാഗത്തിൽ 2014 മുതൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി മൂന്ന് ഗവേഷണങ്ങൾ പ്രസ്തുത വിഭാഗത്തിൽ നടത്തുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പ്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. മലബാർ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ